**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 390** **13-01-2021 - ൽ മറുപടിയ്ക്ക്**

**നികുതി സേവനങ്ങൾ സമ്പൂർണ്ണമായി ഓൺലൈൻ ആക്കി മാറ്റുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . കെ. യു. അരുണൻ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | നികുതി സേവനങ്ങൾ സമ്പൂർണ്ണമായി ഓൺലൈൻ ആക്കി മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി പീരീഡിൽ ഇന്ത്യ മുഴുവനായും, കച്ചവടക്കാരുടെ നികുതി സംബന്ധമായ രജിസ്ട്രേഷൻ, റിട്ടേൺ ഫയൽ ചെയ്യൽ, നികുതി അടയ്ക്കൽ, റീഫണ്ട് വാങ്ങൽ, അപ്പീൽ ഫയൽ ചെയ്യൽ, ചരക്കു കൈമാറ്റത്തിനാവശ്യമായ ഇ-വേ ബിൽ തയ്യാറാക്കൽ എല്ലാം തന്നെ ജി.എസ്.ടി.എൻ എന്ന നെറ്റ് വർക്ക് മുഖേന ഓൺലൈൻ ആയാണ് നടക്കുന്നത്. കച്ചവടക്കാരുടെ അസസ്സ്മെന്റ് തീർപ്പാക്കുന്ന തിനും നോട്ടീസ് അയയ്ക്കുന്നതിനും കുടിശ്ശിക തുക അടയ്ക്കുന്നതിനുമെല്ലാമുള്ള സംവിധാനം ജി.എസ്.ടി.എൻ എന്ന നെറ്റ് വർക്ക് മുഖേന ഓൺലൈൻ ആയി ഉണ്ട്. കച്ചവടക്കാരെയും ജി.എസ്.ടി.എൻ നെറ്റ് വർക്കിനേയും സംസ്ഥാന ജി.എസ്.ടി ഓഫീസർമാരെയും ഓൺലൈൻ ആയി ബന്ധിപ്പിക്കുന്നതിനു സുശക്തമായ ഒരു ബാക്ക്എൻഡ് സംവിധാനവും കേരള ജി.എസ്.ടി ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയിട്ടുണ്ട്. ജി.എസ്.ടി പീരീഡിനു മുമ്പുള്ള കുടിശ്ശിക ആംനസ്റ്റി വഴി തീർപ്പാക്കുന്നതിനുള്ള ഓൺലൈൻ പേയ്മെന്റ് സംവിധാനവും കേരള ഫ്ലഡ് സെസ്സ് ഒടുക്കുന്നതിനുള്ള ഓൺലൈൻ പേയ്മെന്റ് സംവിധാനവും കേരള ജി.എസ്.ടി ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിനും അംഗീകരിക്കുന്നതിനുമായി ഇപ്പോൾ ഉപയോഗിച്ചുവരുന്ന ഓൺലൈൻ സംവിധാനമായ സങ്കേതം, സുവേഗ എന്നീ സോഫ്റ്റ് വെയറുകളെ ഇന്റഗ്രേറ്റ് ചെയ്തുകൊണ്ട് റവന്യൂ വകുപ്പ് നിലവിൽ ഈടാക്കിവരുന്ന ഒറ്റത്തവണ/ആഡംബര നികുതി നിർണ്ണയ വുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്ന തിനും സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും നിലവിൽ ഓൺലൈനായി സ്വീകരിച്ചുവരുന്ന |

| | | | |
|---|---|---|---|
| | | | ഭൂനികുതി, പോക്കുവരവ് ഫീസ് എന്നീ നികുതികൾക്കൊപ്പം കെട്ടിട ഉടമകളിൽ നിന്നും ഒറ്റത്തവണ/ആഡംബര നികുതികൾ ഓൺലൈനായി സ്വീകരിക്കുന്നതിനുമുള്ള 'കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം' എന്ന സോഫ്റ്റ് വെയർ വ്യാപകമായി നടപ്പിലാക്കുന്നതിന് അനുമതി നൽകിക്കൊണ്ട് സർക്കാർ 03-11-2020-ലെ സ.ഉ.(കൈ) നം.264/2020/റവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കിട്ടേണ്ട നികുതി സമ്പൂർണ്ണമായി ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി എെ.കെ.എം സഞ്ചയ എന്ന ഒരു ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്. നിലവിൽ ഈ സോഫ്റ്റ് വെയർ നടപ്പാക്കൽ ഗ്രാമപഞ്ചായത്തിൽ 100ശതമാനവും മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ 70 ശതമാനവുമാണ്. മോട്ടോർ വാഹന വകുപ്പിൽ നികുതി സംബന്ധമായ ഭൂരിഭാഗം സേവനങ്ങളും ഓൺലൈൻ ആയിട്ടാണ് സ്വീകരിച്ചു വരുന്നത്. ഇതിനായി കേന്ദ്ര സർക്കാരിന്റെ ‘പരിവാഹൻ’ എന്ന സോഫ്റ്റ് വെയറാണ് ഉപയോഗിക്കുന്നത്. പരിവാഹൻ സോഫ്റ്റ് വെയർ മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ പൂർണ്ണ തോതിൽ സജ്ജീകരിക്കുന്ന മുറയ്ക്ക് അന്യസംസ്ഥാന ങ്ങളിൽ നിന്നും വരുന്ന വാഹനങ്ങളുടെ നികുതിയും ഓൺലൈൻ ആയി സ്വീകരിക്കുന്നതാണ്. എക്സൈസ് വകുപ്പിൽ നിന്നും നൽകുന്ന സേവനങ്ങളിൽ ഓൺലൈൻ സർവ്വീസ് പോർട്ടൽ മുഖാന്തിരം നിലവിൽ 21 ഇനം സേവനങ്ങൾ ഓൺലൈനായി നിൽകിവരുന്നു. ഈ സേവനങ്ങളുടെ ഫീസുകൾ, ഡ്യൂട്ടികൾ, നികുതികൾ എന്നിവ ഓൺലൈനായിത്തന്നെ ഒടുക്കുവരുത്തുന്നതിനുള്ള സൗകര്യവും ഇ-സർവ്വീസ് പോർട്ടലിൽ ലഭ്യമാണ്. എക്സൈസ് വകുപ്പിൽ നിന്നും നൽകിവരുന്ന നികുതി സേവനങ്ങളായ ലൈസൻസ് ഫീസുകൾ, എക്സൈസ് ഡ്യൂട്ടികൾ, വൃക്ഷ കരം എന്നിവ ഉൾപ്പെടെ നിലവിൽ ഭാഗികമായി ഓൺലൈൻ സംവിധാനത്തിലൂടെ നൽകിവരുന്ന സേവനങ്ങളും പുതുതായി ഉൾപ്പെടുത്തിയ സേവനങ്ങളും ഉൾപ്പെടെ 21 ഇനം സേവനങ്ങൾ കൂടി ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | നികുതി സേവനങ്ങൾ ഓൺലൈനായി മാറ്റിയതിനെ തുടർന്ന് നികുതി വർദ്ധനവിൽ വന്ന മാറ്റങ്ങളെ കുറിച്ച് വിശദമാക്കാമോ? | (ബി) | നികുതി സേവനങ്ങൾ ഓൺലൈനായി മാറ്റിയതിനെ തുടർന്ന് വിവിധ വകുപ്പുകളിൽ നികുതി വർദ്ധനവിൽ വന്ന മാറ്റങ്ങൾ താഴെപ്പറയും പ്രകാരമാണ്. 2018-19 ലെ ജി.എസ്.ടി വരുമാനം 18,384.85 കോടി ആണ്. 2019-20 ആയപ്പോഴേക്കും 19,379.40 കോടി ആയി |

| | | | |
|---|---|---|---|
| | | | വർദ്ധിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് ലോക്ക്ഡൗൺ സാഹചര്യങ്ങൾ ജി.എസ്.ടി നികുതിവരുമാനത്തെ സാരമായി ബാധിച്ചിട്ടുള്ള തിനാൽ ഓൺലൈൻ സംവിധാനത്തിന്റെ കാര്യക്ഷമതയെ വിലയിരുത്താനുള്ള സാഹചര്യമില്ല. നികുതി വരുമാനം കാര്യക്ഷമമാക്കുന്നതിനും നികുതിവെട്ടിപ്പ് തടയുന്നതിനുമായി ഇ-ഇൻവോയിസിംഗ്, QRMP (Quarterly Return Monthly Payment) തുടങ്ങിയ സംവിധാനങ്ങൾ ഈ വർഷം മുതൽ പ്രാവർത്തികമാക്കുവാൻ ജി.എസ്.ടി കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ 2020-21 സാമ്പത്തിക വർഷത്തിൽ നികുതി സ്വീകരിക്കൽ പൂർണ്ണമായി ഓൺലൈൻ ആക്കിയെങ്കിലും കോവിഡ്-19 പ്രതിബന്ധങ്ങൾ സൃഷ്ടിച്ച ആഘാതത്തിൽപ്പെട്ട് വാഹനങ്ങൾ പൂർണ്ണമായും സർവ്വീസ് നടത്താത്തതിനാലും, നിരവധി വാഹനങ്ങൾക്ക് സർക്കാർ ഭൂരിഭാഗം നികുതി ഇളവ് നൽകിയതിനാലും, വാഹന ഉടമകൾ നികുതിയിളവിനായി വാഹനങ്ങൾ ഉപയോഗിക്കാതിരുന്നതിനാലും സർക്കാരിന്റെ വരുമാനത്തിൽ വലിയ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. ആയതിനാൽ നികുതി സേവനങ്ങൾ ഓൺലൈൻ ആക്കിയതിന്റെ പ്രയോജനം മോട്ടോർ വാഹന വകുപ്പിന് പൂർണ്ണമായും പ്രയോജനപ്പെട്ടിട്ടില്ല. എക്സൈസ് വകുപ്പിൽ മറ്റുപല കാരണങ്ങളാലും നികുതി നികുതിയേതര വരുമാനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ടെങ്കിലും സേവനങ്ങൾ ഓൺലൈനാക്കുന്നതുമൂലം വരുമാനത്തിൽ യാതൊരുവിധ മാറ്റവും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ